# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3723 30/01/2014 ൽ മറുപടിക്ക്

**<u>സിനിമാ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി</u>**

<u>ചോദ്യം</u>

ശ്രീ. വി.റ്റി ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :

<u>ഉത്തരം</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരംഭകരെയും പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ; | (എ) ആന്റ് (ബി) | സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലൂടെ പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ രണ്ടുലക്ഷം രൂപ അടച്ച് എഗ്രിമെന്റ് വച്ചാൽ സിനിമയുടെ ഷൂട്ടിംഗിന് ആവശ്യമായ യൂണിറ്റ്, ലൈറ്റുകൾ, പോസ്റ്റ് പ്രൊഡക്ഷൻ വർക്കിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാകുന്നതാണ്. ഇതിനുശേഷം പടം, സെൻസർ ചെയ്ത് പ്രദർശനത്തിന് തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ചിത്രാഞ്ജലിയുടെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന സിനിമകൾക്ക് (ഡിജിറ്റൽ) നിലവിൽ അഞ്ച് ലക്ഷം രൂപ സബ് സിഡി നൽകുന്നുണ്ട്. ഇത് കൂടാതെ ഇൻഡ്യൻ പനോരമ സെലക്ഷൻ, ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത ചിത്രങ്ങൾക്ക് അധികമായി രണ്ടുലക്ഷം രൂപ സബ്സിഡി നൽകിവരുന്നു. മികച്ച രണ്ടാമത്തെ അവാർഡ് ലഭിച്ച ചിത്രാഞ്ജലി ചിത്രങ്ങൾക്കും ഒരു ലക്ഷം രൂപ അധികമായി സബ് സിഡി നൽകിവരുന്നു. കൂടാതെ ലോക സിനിമാരംഗത്തെ പുത്തൻ പ്രവണതകൾ, ലോക ക്ലാസിക്കുകൾ, അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സിനിമാ പ്രവർത്തകരുടെ സിനിമകൾ തുടങ്ങി നിലവാരമുള്ള സിനിമകൾ കാണുന്നതിനും പുതിയ നല്ല സിനിമകൾ നിർമ്മിക്കുന്നതിന് പ്രചോദനം |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| | | | നൽകന്നതിനമായി ചലച്ചിത്ര അക്കാദമി അന്താരാഷ്ട്ര ചലച്ചിത്ര മേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം മേള, ദേശീയ ചലച്ചിത്രമേള എന്നിവ കേരളത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കലാമൂല്യമുള്ള നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും ചലച്ചിത്ര പ്രവർത്തകരെ അനുമോദിക്കുന്നതിനുമായി ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല സിനിമ നിർമ്മിക്കുന്നവർക്കും സംവിധാനം ചെയ്യുന്നവർക്കും ക്യാഷ് അവാർഡ് നൽകുന്നതും ഇതിലുൾപ്പെടുന്നു. ഇതുകൂടാതെ പുതിയ തലമുറയെ ഈ കലയിലേയ്ക്ക് ആകർഷിക്കുന്നതിന് ചലച്ചിത്ര അക്കാദമി കുട്ടികൾക്കും യുവാക്കൾക്കുമായി അവധിക്കാല ക്യാമ്പുകൾ, അധ്യാപകരുടെ ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നുണ്ട്. |
| (സി) | ഇവരുടെ ചിത്രങ്ങൾ തീയേറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;വിശദമാക്കുമോ ; | (സി) ആന്റ് (ഡി) | നല്ല സിനിമ നിർമ്മിക്കുവാനുള്ള പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.നല്ല സിനിമകളെ പ്രോൽസാഹിപ്പിക്കുന്നതിനായി, മുഖ്യധാരാ ചിത്രങ്ങൾക്കൊപ്പം തന്നെ പ്രസ്തുത ചിത്രങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ ബോക്സോഫീസ് കളക്ഷൻ നോക്കാതെ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ നേരത്തെ പ്രദർശിപ്പിക്കപ്പെട്ടതും ഇതുവരെ പ്രദർശിപ്പിക്കാത്തതുമായ ചലച്ചിത്രങ്ങൾ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കാറുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം.? | | |

Saradadevi LL

സെക്ഷൻ ഓഫീസർ